**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1467** **18-01-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശീയ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി .എസ്. ശിവകുമാർ | | **Smt. J. Mercykutty Amma**<br>**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി)** | |
| (എ) | തദ്ദേശീയമായ പല മത്സ്യങ്ങളും വംശഭീഷണി നേരിടുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ; | (എ) | എ)&ബി) ഉണ്ട്. തദ്ദേശീയമായ മത്സ്യങ്ങളുടെ സംരക്ഷണത്തിനായി കേരളത്തിൽ വേമ്പനാട്, അഷ്ടമുടിക്കായലുകളിൽ മത്സ്യ സംരക്ഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ തദ്ദേശീയ ജലാശയങ്ങളിൽ മത്സ്യങ്ങളുടെ വംശനാശം തടയുന്നതിനായി അശാസ്ത്രീയവും, അനധികൃതവുമായ മത്സ്യബന്ധന രീതികൾ നിരോധിച്ചിട്ടുണ്ട്. ആയത് കണ്ടെത്തുന്നതിനും നടപ്പിലാക്കുന്നതിനും പട്രോളിംഗ് ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നാടൻ മത്സ്യങ്ങളുടെ വർദ്ധനവിനായി തനത് മത്സ്യങ്ങളായ ചെമ്മീൻ, കരിമീൻ, പൂമീൻ, കണമ്പ്, മഹസീർ തുടങ്ങിയ മത്സ്യക്കുഞ്ഞുങ്ങളെ ഉൾനാടൻ ജലാശയങ്ങളിൽ നിക്ഷേപിച്ച് പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനായി മത്സ്യ കുഞ്ഞുങ്ങളുടെ റാഞ്ചിംഗ് നടപ്പിലാക്കി വരികയാണ്. റിസർവോയർ ഫിഷറീസ് പ്രോജക്ടിന്റെ ഭാഗമായി പീച്ചി, വാഴാനി റിസർവോയറുകളിൽ endemic carp, endemic cat fish, കരിമീൻ തുടങ്ങിയ തദ്ദേശീയ മത്സ്യങ്ങളെ നിക്ഷേപിച്ച വരുന്നു. ഇതിനു പുറമേ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി വകുപ്പിന്റെ ഹാച്ചറികളിൽ തദ്ദേശീയ മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അവയുടെ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | പിരിവ്(എ)യുടെ മറുപടി കണ്ടാലും. |
| (സി) | മത്സ്യങ്ങളുടെ സ്വാഭാവിക പ്രജനന ആവാസകേന്ദ്രങ്ങളെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | സി) (സി) ഉണ്ട്. മത്സ്യങ്ങളുടെ സ്വാഭാവിക പ്രജനന ആവാസ കേന്ദ്രങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി മത്സ്യ സംരക്ഷിത മേഖലകൾ സ്ഥാപിക്കുന്നതിന് വേമ്പനാട്, അഷ്ടമുടി കായൽ |

| | | | |
|---|---|---|---|
| | | | മത്സ്യ സംരക്ഷണ പ്രോജക്ടുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്ന പദ്ധതികളും വകുപ്പ് നടപ്പിലാക്കി വരുന്നു. ഇത് മത്സ്യക്കുഞ്ഞുങ്ങളുടെ പ്രജനനത്തിനും വളർച്ചക്കും ഏറ്റവും ഉചിതമായ മാർഗ്ഗമാണ്. |
| (ഡി) | ഇതിലൂടെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് എത്രമാത്രം സാധ്യമായെന്ന് വ്യക്തമാക്കാമോ? | (ഡി) | ഡി) മേൽ പദ്ധതികൾ തദ്ദേശ മത്സ്യങ്ങളുടെ വംശനാശം തടയുന്നതിനും അതിലൂടെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും സഹായകരമാകുന്നു. സംസ്ഥാനത്തെ ഉൾനാടൻ മത്സ്യോല്പാദനം 2016-ലെ 1.88 ലക്ഷം ടണ്ണിൽ നിന്നും 2020-ൽ 2.05 ലക്ഷം ടൺ ആയി ഉയർന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ